LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 140 കോടി രൂപ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി വകയിരുത്തിയിരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്തതിനാൽ ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. കാസർഗോഡ് ജില്ലയിൽ വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പദ്ധതി

366 (1424) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഉടനീളം എത്ര കിലോമീറ്റർ റോഡാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയും ?

ഉത്തരം

(എ) സംസ്ഥാന ഹൈവേകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുന്ന ഏകദേശം 1100 കി.മീ. റോഡാണ് പ്രസ്തുത പദ്ധതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജുകളിൽ വരുന്ന റോഡുകൾ പി.പി.പി./ആന്വിറ്റി രീതിയിൽ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച്, ലഭിച്ച ഓഫറുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻ തന്നെ ആരംഭിക്കുവാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.